# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5602** — **02.11.2016 ൽ മറുപടിയ്ക്ക്**

**<u>ലോണെടുത്ത് തിരിച്ചടവ് മുടങ്ങിയിട്ടുള്ളവരുടെ മരണം</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ബി.സത്യൻ** | ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| സഹകരണ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്നും ലോണെടുത്ത് തിരിച്ചടവ് മുടങ്ങിയിട്ടുള്ളവർ മരണമടഞ്ഞാൽ അവരുടെ കുടുംബത്തിന് തിരിച്ചടവുമായി ബന്ധപ്പെട്ട് ഏതെല്ലാം തരത്തിലുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുമെന്ന് ജനറൽ/പട്ടികജാതി വിഭാഗം തിരിച്ച് വിശദമാക്കാമോ? | വായ്പ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന വായ്പാക്കാർ വായ്പാ കാലാവധിയിലോ, വായ്പാകാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേദിവസം ബാക്കി നിൽക്കുന്ന വായ്പാ തുകയിൽ നിന്നും ഒന്നര ലക്ഷം രൂപാവരെയുള്ള മുതലും അതിന്റെ പലിശയും ഉൾപ്പെടുന്ന ബാദ്ധ്യത അവസാനിപ്പിക്കുന്നതിന് കേരള സഹകരണ റിസ്ക്ഫണ്ട് പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നു.<br>വായ്പാ കാലാവധിയിൽ വായ്പക്കാരൻ മരണപ്പെട്ടാൽ മരണതീയതിയ്ക്ക് തൊട്ട് മുമ്പ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും, വായ്പാ കാലാവധി കഴിഞ്ഞ് വായ്പക്കാരൻ മരണപ്പെട്ടാൽ വായ്പാ കാലാവധി തീരുന്ന തീയതിയ്ക്ക് തൊട്ട് മുമ്പ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പാ മുതലിൽ തിരിച്ചടവിന് കുടിശ്ശിക വരുത്താത്ത വായ്പക്കാരുടെ വായ്പ ബാദ്ധ്യത ഒഴിവാക്കുന്നതിനാണ് ആനുകൂല്യം നൽകുന്നത്.ജനറൽ/പട്ടികജാതി വിഭാഗ വ്യത്യാസമില്ലാതെ റിസ്ക്ഫണ്ട് സ്കീമിൽ പ്രീമിയം ഒടുക്കിയിട്ടുള്ള എല്ലാ വായ്പക്കാർക്കും ആനുകൂല്യം ലഭിക്കുന്നതാണ്. |

സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും പട്ടികജാതി വിഭാഗക്കാർ എടുത്തിരുന്നതും 31.03.2010 ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ വായ്പകൾക്ക് പരമാവധി ഒരു ലക്ഷം രൂപയുടെ കടാശ്വാസം സർക്കാർ ധനസഹായത്തോടെ അനുവദിച്ച് നൽകിയിരുന്നു. മരണപ്പെട്ടവർക്കും ഈ ആനുകൂല്യം ലഭിച്ചിരുന്നു.

മറ്റ് പദ്ധതികൾ ഒന്നും നിലവിലില്ല.

സെക്ഷൻ ഓഫീസർ